# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി VIII
## (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ
## (ECONOMIC AFFAIRS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**ഒന്നാമത് റിപ്പോർട്ട്**

**(2016-2017)**

**FIRST REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2016-2017)**

2016 സെപ്റ്റംബർ 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th September, 2016)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2016

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VIII

# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ

## (ECONOMIC AFFAIRS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ഒന്നാമത് റിപ്പോർട്ട്
(2016-2017)

FIRST REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2016-2017)

808/2016.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി VIII

## (സാമ്പത്തിക കാര്യങ്ങൾ)

## (2016-2018)

### ഘടന

ചെയർമാൻ :

ഡോ. ടി. എം. തോമസ് ഐസക്,
ധനകാര്യവും കയറും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. റ്റി. പി. രാമകൃഷ്ണൻ,
തൊഴിലും എക്സൈസും വകുപ്പുമന്ത്രി

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

അംഗങ്ങൾ :

| | | |
|---|---|---|
| ശ്രീ. | റ്റി. എ. അഹമ്മദ് കബീർ, | എം.എൽ.എ. |
| ഡോ. | എൻ. ജയരാജ്, | ,, |
| ശ്രീ. | വി. കെ. സി. മമ്മത് കോയ, | ,, |
| ശ്രീ. | ഡി. കെ. മുരളി, | ,, |
| ശ്രീ. | തിരുവഞ്ചൂർ രാധാകൃഷ്ണൻ, | ,, |
| ശ്രീ. | മുല്ലക്കര രത്നാകരൻ, | ,, |
| ശ്രീ. | വി. ഡി. സതീശൻ, | ,, |
| ശ്രീ. | കെ. സുരേഷ് കുറുപ്പ്, | ,, |

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2016 ജൂലൈ 28, ആഗസ്റ്റ് 8 എന്നീ തീയതികളിൽ സമിതി യോഗം ചേർന്ന് കേരള നിയമസഭയുടെ ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു

ധനാഭ്യർത്ഥന നമ്പർ V —കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

ധനാഭ്യർത്ഥന നമ്പർ VII —മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

ധനാഭ്യർത്ഥന നമ്പർ VIII —എക്സൈസ്

ധനാഭ്യർത്ഥന നമ്പർ X —ട്രഷറികളും അക്കൗണ്ടുകളും

ധനാഭ്യർത്ഥന നമ്പർ XI —ജില്ലാഭരണവും പലവകയും

ധനാഭ്യർത്ഥന നമ്പർ XVI —പെൻഷനും പലവകയും

ധനാഭ്യർത്ഥന നമ്പർ XXVIII —പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XLIII —നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും

ധനാഭ്യർത്ഥന നമ്പർ XLV —പലവക വായ്പകളും മുൻകൂറുകളും

ധനാഭ്യർത്ഥന നമ്പർ XLVI —സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും ആവശ്യമായ ഘട്ടങ്ങളിൽ കൂടുതൽ വിശദീകരണം ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അഭിപ്രായങ്ങൾ ക്രോഡീകരിക്കുകയും നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്തു. ധനാഭ്യർത്ഥന കളിന്മേൽ ലഭിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായ ശീർഷകങ്ങളിന്മേൽ അധിക തുക അനുവദിക്കുന്നതിനുള്ള സമിതിയുടെ ശിപാർശകൾ അടങ്ങിയതാണ് ഈ റിപ്പോർട്ട്.

2016 ആഗസ്റ്റ് മാസം 22-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ഡോ. ടി. എം. തോമസ് ഐസക്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 22.

## റിപ്പോർട്ട്

# ധനാഭ്യർത്ഥന നമ്പർ V- കാർഷികാദായ നികതിയും വിൽപ്പന നികതിയും

വോട്ട് ചെയ്തത് : 28,726.41 ലക്ഷം രൂപ
ചാർജ്ജ് ചെയ്തത് : 36.20 ലക്ഷം രൂപ

2040-00-101-97-04(1)-വാണിജ്യനികതി ഓഫീസുകൾ-യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 93.50 ലക്ഷം രൂപ

(1) 2016-17 സാമ്പത്തിക വർഷം മുതൽ ചരക്ക് സേവന നികതി നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ അതു സംബന്ധിച്ച ചർച്ചകൾക്കും പരിശീലന പരിപാടികൾക്കും മറ്റുമായി ഉദ്യോഗസ്ഥർക്ക് ഡൽഹിയിലേക്ക് യാത്ര നടത്തേണ്ടതായിട്ടുള്ളതിനാൽ വിമാനയാത്രാക്കൂലി മുതലായ ഇനങ്ങളിൽ ചെലവ് വർദ്ധിക്കാനിടയുള്ളതുകൊണ്ട് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 17 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-05(1)-ഓഫീസ് ചെലവുകൾ-വെള്ളക്കരം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 7.7 ലക്ഷം രൂപ

(2) 2016-17 വർഷത്തേക്ക് വെള്ളക്കരം ഇനത്തിൽ 14.4 ലക്ഷം രൂപ ആവശ്യമുള്ളതിനാൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 6.70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-05(4)-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 195 ലക്ഷം രൂപ

(3) നടപ്പ സാമ്പത്തികവർഷം ചരക്കുസേവന നികുതി വ്യവസ്ഥ നടപ്പാക്കാനിരിക്കുന്നതിനാൽ, ഇതുമായി ബന്ധപ്പെട്ട ഓഫീസ് ചെലവുകൾക്കും ഹാർഡ് വെയർ നവീകരണത്തിനും വാർഷിക അറ്റകുറ്റപണി നവീകരണകരാറുകൾ പുതുക്കുന്നതിനും മറ്റുമായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.05 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-17-ചെറുകിട മരാമത്തുപണികൾ
ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 20 ലക്ഷം രൂപ

(4) വാണിജ്യനികുതി വകുപ്പിൽ ചെറുകിട മരാമത്ത് പണികൾക്കായി ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ടാക്സ് കോംപ്ലക്സ് ഓഫീസുകൾ, ടോയ്‌ലെറ്റ് സംവിധാനം എന്നീ മരാമത്ത് പണികൾക്കായി പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കേണ്ടതായിട്ടുള്ളതിനാൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഈ ശീർഷകത്തിൽ 2.5 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-18-സംരക്ഷണം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 10 ലക്ഷം രൂപ

(5) വാണിജ്യനികുതി ഓഫീസുകളിലെ ലിഫ്റ്റ് സംവിധാനം, ഇ-ഓഫീസ് സംവിധാനം, ലോക്കൽ ഏരിയ നെറ്റ് വർക്ക് (ലാൻ) എന്നിവ കാലഹരണപ്പെട്ടു തുടങ്ങിയിരിക്കുന്നതിനാൽ ഇവയുടെ പുനഃരുദ്ധാരണത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി ഈ ശീർഷകത്തിൽ 1.33 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-21-മോട്ടോർ വാഹനങ്ങൾ
ബഡ്ജറ്റ് വിഹിതം : ഇല്ല.

(6) 2016-17 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമൊന്നും അനുവദിച്ചിട്ടില്ലാത്തതിനാലും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനങ്ങൾ കാലപ്പഴക്കം ചെന്നവയായതിനാലും പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-21(2)- മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികളും.

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 92 ലക്ഷം രൂപ

(7) വാണിജ്യനികുതി വകുപ്പിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാഹനങ്ങളിൽ നല്ലൊരു ശതമാനവും കാലപ്പഴക്കംചെന്നവയായതിനാൽ അറ്റകുറ്റപണികളുടെ ചെലവ് ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതിനാൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 33.09 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

/n

2040-00-101-97-34-3- മറ്റിനം.

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 450 ലക്ഷം രൂപ

(8) ഉദ്യോഗസ്ഥരുടെ പരിശീലനപരിപാടികൾക്കായും, ജി.എസ്.റ്റി. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യാപാരി വ്യവസായികളെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി പത്രങ്ങളിലൂടെയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയുള്ള പരസ്യത്തിനായും അധിക തുക ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 4.75 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-97-45-പി.ഒ.എൽ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 333.5 ലക്ഷം രൂപ

(9) ഇന്ധന വില അടിക്കടി വർദ്ധിക്കുന്ന സാഹചര്യത്തിൽ ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10,000 രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

2040-00-101-94-19- കമ്പ്യൂട്ടർവൽക്കരണം-യന്ത്രോപകരണങ്ങൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 600 ലക്ഷം രൂപ

(10) വാണിജ്യനികുതി വകുപ്പിൽ ഐ.ടി. അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഇ-ഗവേണൻസ് വ്യാപനം, ഓഫീസ് കോംപ്ലക്സുകളിൽ യു.പി.എസ്. സ്ഥാപിക്കൽ, ചെക്ക്പോസ്റ്റുകളെ ബന്ധപ്പെടുത്തി ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തൽ, സോഫ്റ്റ് വെയർ വികസിപ്പിച്ചെടുക്കൽ, ജി.എസ്.ടി. നടപ്പിലാക്കൽ, KVATIS, IT Infrastructure Development എന്നീ ഇനങ്ങളിലായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതവും, അഡീഷണൽ ആതറൈസേഷനും അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 31.83 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2040-00-101-94-34-3-മറ്റു ചെലവുകൾ-മറ്റിനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 40 ലക്ഷം രൂപ

(11) ചരക്ക് സേവന നികുതി നടപ്പാക്കുന്നതിന്റെ ഭാഗമായി കപ്പാസിറ്റി ബിൽഡിഡിംഗ്, ഉദ്യോഗസ്ഥരുടെ പരിശീലനം, പൊതുജനാവബോധം സൃഷ്ടിക്കൽ, പരസ്യപ്രചരണം എന്നീ ഇനങ്ങളിൽ ഗണ്യമായ ചെലവ് പ്രതീക്ഷിക്കുന്നതിനാലും,

നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാലും, 5.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-75-16-വാണിജ്യ നികുതി വകുപ്പ്-വൻകിട മരാമത്ത് പണികൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 3.84 ലക്ഷം രൂപ
പദ്ധതിയേതരം - 500 ലക്ഷം രൂപ

(12) മഞ്ചേശ്വരം, വാളയാർ (ഔട്ട്), ആര്യങ്കാവ് എന്നീ അതിർത്തി ചെക്കപോസ്റ്റുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് 10 കോടി രൂപ പദ്ധതിയേതര ഇനത്തിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും 5 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്

2045-00-103-99(06)-ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് -വാടക, കരം, നികുതി.

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 25 ലക്ഷം രൂപ

(13) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ വാടക കുടിശ്ശികയിനത്തിൽ അധിക തുക ആവശ്യമുള്ളതിനാൽ 5.01 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VII - മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

വോട്ട് ചെയ്യുന്നത് : 20107.81 ലക്ഷം രൂപ
ചാർജ്ജ് ചെയ്യുന്നത് : 1 ലക്ഷം രൂപ

2030-01-101-99 -സ്റ്റാമ്പിന്റെ വില
ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 30 ലക്ഷം രൂപ

14) രജിസ്ട്രേഷൻ ഫീസ് കൂട്ടിയതിനാൽ ജുഡീഷ്യൽ പത്രങ്ങളുടെ എണ്ണത്തിലുണ്ടാകാവുന്ന വർദ്ധനവ് കണക്കിലെടുത്തും നാസിക് ഇന്ത്യ പ്രസ്സിൽ നൽകുവാനുള്ള കുടിശ്ശിക തീർക്കുന്നതിനുമായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030- 01-102-99 - <u>മുദ്രപ്പത്ര വില്പനചെലവുകൾ</u>
ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 140 ലക്ഷം രൂപ

15) ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. <u>ആയതിനാൽ 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2030 - 02- 102 - 99 - <u>മുദ്രപ്പത്ര വില്പനചെലവുകൾ</u>
ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 2200 ലക്ഷം രൂപ

16) നോൺ ജുഡീഷ്യൽ മുദ്രപ്പത്രങ്ങളുടെ വിൽപ്പന വർദ്ധിക്കുന്നതനുസരിച്ച് ഡിസ്കൗണ്ട് ഇനത്തിലെ ചെലവ് വർദ്ധിക്കുന്നതിനാൽ ഈ ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ <u>1100 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2030- 03-001-96-05-3- <u>ജില്ലാ ഓഫീസുകൾ - ഓഫീസ് ചെലവുകൾ - ടെലഫോൺ ചെലവ്</u>
ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 3.85 ലക്ഷം രൂപ

17) രജിസ്ട്രേഷൻ വകുപ്പിന്റെ ജില്ലാ ഓഫീസുകൾക്കായി ടെലഫോൺ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>2.5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2030-03-001-96-21 (2) - <u>മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും</u>
ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1.38 ലക്ഷം രൂപ

18) വകുപ്പിന്റെ 14 ജില്ലാ ഓഫീസുകൾക്ക് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>1 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2030-03-001-96-17-<u>ചെറുകിട മരാമത്ത പണികൾ</u>
ബഡ്ജറ്റ് വിഹിതം : ഇല്ല

19) സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 207 സബ് രജിസ്ട്രാർ ഓഫീസുകളിൽ അത്യാവശ്യ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി <u>50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന മുഖേന വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2030- 03- 001-95-05(3) - സബ് രജിസ്ട്രാർ ഓഫീസുകൾ - ഓഫീസ് ചെലവുകൾ - ടെലഫോൺ ചെലവ്.

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 12.14 ലക്ഷം രൂപ

20) സംസ്ഥാനത്തൊട്ടാകെയുള്ള 314 സബ് രജിസ്ട്രാർ ഓഫീസുകളിൽ ബ്രോഡ് ബാന്റ് കണക്ഷനുകൾ ഏർപ്പെടുത്തിയിട്ടുള്ളതിന്റെ ചെലവുകൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 12 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2030 -03- 001-93 - രജിസ്ട്രേഷൻ വകുപ്പിലെ കമ്പ്യൂട്ടർ വൽക്കരണം.

ബഡ്ജറ്റ് വിഹിതം : പദ്ധതിയിനം - 600 ലക്ഷം രൂപ

21) സബ് രജിസ്ട്രാർ ഓഫീസുകളിലെ വാല്യങ്ങൾ ബൈൻഡ് ചെയ്ത് കേടുകൂടാതെ സൂക്ഷിക്കുന്നതിനായി നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാലും ഒരു വാല്യത്തിന് 710/- രൂപ നിരക്കിൽ 1,00,000 - ത്തോളം വാല്യങ്ങൾ ബൈൻഡ് ചെയ്യാൻ ശേഷിക്കുന്നതിനാലും 5 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്

വോട്ട് ചെയ്തത് - 26198.48 ലക്ഷം രൂപ

ചാർജ്ജ് ചെയ്തത് - 33 ലക്ഷം രൂപ

2039 -00-001-99-15 -രഹസ്യ സേവന ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 8.8 ലക്ഷം രൂപ

22. എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 17 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039 -00-001-99-34 (3) - മറ്റു ചെലവുകൾ - മറ്റിനം - (ചാർജ്ഡ്)

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 33 ലക്ഷം രൂപ

23) 2016-17 സാമ്പത്തിക വർഷം സർക്കാർ നിർദ്ദേശ പ്രകാരം മടക്കി നൽകിയ ലൈസൻസ് തുകകളുടെ പലിശ നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2039-00-001-99 -34 (3) - <u>മറ്റു ചെലവുകൾ - മറ്റിനം - (വോട്ടഡ്)</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 36 ലക്ഷം രൂപ

24) 2016-17 സാമ്പത്തിക വർഷം ട്രെയിനിംഗ് ചെലവുകൾക്ക് മാത്രമായി 20 ലക്ഷം രൂപ നാളിതുവരെ ചെലവ് വന്നതിനാലും 200 വനിതാ സിവിൽ എക്സൈസ് ഓഫീസർമാർക്ക് കൂടി ട്രെയിനിംഗ് നൽകേണ്ടതുള്ളതിനാലും <u>ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2039-00-001-99-44 - <u>ആയുധങ്ങൾ വെടിക്കോപ്പ് സാമഗ്രികൾ</u>
ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1 ലക്ഷം രൂപ

25) എക്സൈസ് അക്കാഡമിയിലേയ്ക്ക് തോക്കുകൾ വാങ്ങുന്നതിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ <u>1 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2039-00-001-98-05-(4)-<u>റേഞ്ച് ഓഫീസുകൾ -ഓഫീസ് ചെലവുകൾ -മറ്റിനങ്ങൾ</u>
ബഡ്ജറ്റ് വിഹിതം - പദ്ധതിയേതരം - 18.35 ലക്ഷം രൂപ

26) എക്സൈസ് റേഞ്ച് ഓഫീസുകളുടെ ഓഫീസ് ചെലവുകൾക്ക് വകയിരുത്തിയിരിക്കുന്ന തുക തീരെ അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2039- 00- 001- 98-06 - <u>വാടക, കരം, നികുതി</u>
ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 50 ലക്ഷം രൂപ

27) വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിച്ച് വരുന്ന എക്സൈസ് റേഞ്ച് ഓഫീസുകൾക്ക് വാടക നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>20 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2039-00- 001-98- 45 - <u>പി.ഓ.എൽ</u>
ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 148.95 ലക്ഷം രൂപ

28) എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനം കൂടുതൽ ശക്തമാക്കിയിരിക്കുന്നതിനാൽ നിലവിൽ വകയിരുത്തിയ തുക തീരെ അപര്യാപ്തമാണ്. ആയതിനാൽ <u>ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2039 -00- 001-95 - <u>മദ്യാസക്തിക്കെതിരായ പ്രചരണം - സുബോധം</u>
ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 85 ലക്ഷം രൂപ

29) മദ്യവിമുക്ത കേരളം എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാനത്ത് ഉടനീളം എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്ന വിവിധ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി <u>ഈ ശീർഷകത്തിൽ 100 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2039-00-001-94 -34- 3- <u>എക്സൈസ് വകുപ്പിന്റെ നവീകരണം -മറ്റ് ചെലവുകൾ- മറ്റിനം</u>
ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 165 ലക്ഷം രൂപ

30) കമ്പ്യൂട്ടർവൽക്കരണം, ഇ-ഗവേണൻസ്, വാഹനങ്ങൾ, ഫീൽഡ് ഓഫീസുകളുടെ നവീകരണ പ്രക്രിയകൾ തുടങ്ങിയ വിവിധ പദ്ധതികൾക്കായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക തീരെ അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

## ധനാഭ്യർത്ഥന നമ്പർ X-ട്രഷറികളും അക്കൗണ്ടുകളും

| | |
|---|---|
| വോട്ട് ചെയ്യുന്നത് : | 25,011.14 ലക്ഷം രൂപ |
| ചാർജ്ജ് ചെയ്യുന്നത് : | ഇല്ല. |

2054-00-098-99-02-<u>ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റ്-വേതനം.</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 45.64 ലക്ഷം രൂപ

(31) ശമ്പള പരിഷ്കരണം നടപ്പിലാക്കിയ സാഹചര്യത്തിൽ, ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിലെ ദിവസവേതന ജീവനക്കാരുടെ വേതനയിനത്തിലെ ചെലവിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ <u>15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2054-00-098-99-04-(1)-<u>യാത്രാചെലവുകൾ, യാത്രാബത്ത.</u>

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 176 ലക്ഷം രൂപ

(32) ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ 14 ജില്ലാ കാര്യാലയങ്ങളിലും മറ്റ് സബ് ഓഫീസുകളിലും ജീവനക്കാരുടെ യാത്രാബത്തയിനത്തിൽ 2015-16 സാമ്പത്തിക വർഷത്തിലെ കുടിശ്ശിക

നൽകാനുള്ളതിനാലും, പെർഫോമൻസ് ഗ്രാൻഡ് ലഭിക്കുന്നതിനുവേണ്ടി മറ്റ് ഓഫീസുകളിൽനിന്നും കൂടുതൽ ജീവനക്കാരെ വിന്യസിച്ച് 2 മാസത്തെ തുടർച്ചയായ ഓഡിറ്റിംഗ് പുരോഗമിക്കുന്നതിനാലും ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2054-00-098-99-06-വാടക, കരം, നികുതി.

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 10 ലക്ഷം രൂപ

(33) മുൻസിപ്പൽ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലാ ഓഡിറ്റ് കാര്യാലയം, വെൽഫെയർ ഫണ്ട് ഓഡിറ്റ് കാര്യാലയം എന്നിവയുടെ 01.3.2011 മുതൽ 31.03.2016 വരെയുള്ള വാടക കടിശ്ശിക ഒടുക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 59440.09 ലക്ഷം രൂപ |
| ചാർജ്ജ് ചെയ്തത് | : | 107.20 ലക്ഷം രൂപ |

2047-00-103-99-05 - ദേശീയ സമ്പാദ്യ സംഘടനാ ഡയറക്ടറാഫീസ് - ഓഫീസ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 10.68 ലക്ഷം രൂപ

34) ഐ.ടി. റിട്ടേൺ ഫയലിംഗ്, ഡയറക്ടറേറ്റിലേയും 14 ജില്ലാ ഓഫീസുകളിലേയും സ്റ്റാമ്പ്, കമ്പ്യൂട്ടർ, സ്റ്റേഷനറി, ഓഫീസ് മെയിൻറനൻസ് ചാർജ്ജ് എന്നിവയ്ക്കായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണ്. ആയതിനാൽ 1.36 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-99-08-പരസ്യം, പ്രചരണം എന്നിവയ്ക്കുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 15 ലക്ഷം രൂപ

35) 2016-17 സാമ്പത്തിക വർഷത്തിൽ നിക്ഷേപ സമാഹരണ ലക്ഷ്യം ജില്ലകൾക്ക് നിശ്ചയിച്ചു നൽകുന്നതിനാൽ എല്ലാ ജില്ലകളിലും ഇതുമായി ബന്ധപ്പെട്ട മീറ്റിംഗുകളുടെ

ചെലവുകൾ വഹിക്കുന്നതിനും, വർഷത്തിൽ 4 പ്രാവശ്യമെങ്കിലും പ്രമുഖ പത്രങ്ങളിൽ പരസ്യം നൽകുന്നതിനും അധിക തുക ആവശ്യമാണ്. ആയതിനാൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-99-34-3 - മറ്റു ചെലവുകൾ - മറ്റിനം
ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 55 ലക്ഷം രൂപ

36) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിൽ 01.04.15 മുതൽ ഏജൻറുമാരുടെ ക്ഷേമനിധി വിഹിതം 100/- രൂപയിൽ നിന്നും 200/- രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ആയതിൻെറ 50% സർക്കാർ വിഹിതം നൽകുന്നതിന് അധിക തുക ആവശ്യമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-99 - വിവര സാങ്കേതിക വിദ്യ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1 ലക്ഷം രൂപ

37) ഇ-ഓഫീസ് നടപ്പിലാക്കുന്നതിനും, ഡയറക്ടറേറ്റ്, 14 ജില്ലാ ഓഫീസുകൾ എന്നിവിടങ്ങളിൽ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും, അറ്റകുറ്റപ്പണി നടത്തുന്നതിനും, വകുപ്പിനു വേണ്ടി തയ്യാറാക്കിയിട്ടുള്ള വെബ് ആപ്ലിക്കേഷൻെറ രണ്ടാം ഘട്ടം പൂർത്തീകരിക്കുന്നതിനുമുള്ള ചെലവ് വഹിക്കുന്നതിനും, ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-87 - ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജൻറുമാർക്കും എസ്.എ.എസ്. ഏജൻറുമാർക്കും അധിക സേവനത്തിന് നൽകുന്ന പ്രതിഫലം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 15500 ലക്ഷം രൂപ

38) ദേശീയ സമ്പാദ്യ പദ്ധതിയിലെ മഹിളാ പ്രധാൻ ഏജൻറുമാർക്കും, എസ്.എ.എസ്. ഏജൻറുമാർക്കും അധിക സേവനത്തിന് പ്രതിഫലം നൽകുന്നതിനും മുൻവർഷത്തെ

കുടിശ്ശിക നൽകുന്നതിനും, ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2047-00-103-86 - ഭവനമില്ലാത്ത ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജൻറുമാർക്ക് ഭവന പദ്ധതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1000/- രൂപ

39) ഭവനമില്ലാത്ത ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജൻറുമാർക്കുള്ള ഭവന പദ്ധതിയിലേയ്ക്ക് 49 അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും, അതിലെ അർഹരായ 25 അപേക്ഷകർക്കുള്ള സബ്സിഡി നൽകുന്നതിനായി 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XVI - പെൻഷനും പലവകയും

| | | |
|---|---|---|
| വോട്ട് ചെയ്യുത് | : | 2306673.90 ലക്ഷം രൂപ |
| ചാർജ്ജ് ചെയ്യുത് | : | 5557.59 ലക്ഷം രൂപ |

2075-00-103-98 - ഏജൻറുമാരുടെ കമ്മീഷൻ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 206953 ലക്ഷം രൂപ

40) ലോട്ടറി വിറ്റുവരവ് കൂടുന്നതനുസരിച്ച് ഡിസ്കൗണ്ട്, ഏജൻറിനുള്ള കമ്മീഷൻ എന്നീ ഇനങ്ങളിൽ ആനുപാതിക വർദ്ധനവുണ്ടാകുമെന്നതിനാൽ ഈ ശീർഷകത്തിൽ 731 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-97 - സമ്മാനദാനം

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 226110 ലക്ഷം രൂപ

41) 2016-17 സാമ്പത്തിക വർഷത്തെ ടിക്കറ്റ് വിൽപ്പന ലക്ഷ്യം 8487 കോടി രൂപയായി നിശ്ചയിച്ചിട്ടുള്ളതിനാൽ സമ്മാന വിതരണ ഇനത്തിൽ ഏകദേശം 3394 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1133 കോടി രൂപ അധികമായി അനുവദിയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-96 -10-കേരള സംസ്ഥാന ലോട്ടറി ഏജൻറുമാരുടെയും വിൽപ്പനക്കാരുടേയും ക്ഷേമനിധിയിലേക്കുള്ള ഗവൺമെൻറ് സംഭാവന-സംഭാവന

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1600 ലക്ഷം രൂപ

42) 2016-17 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയ തുക ഏജൻറുമാരുടെ പെൻഷൻ, ഉത്സവബത്ത, വിവാഹാനുകൂല്യം, മരണാനന്തര സഹായം തുടങ്ങിയ ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നതിന് അപര്യാപ്തമായതിനാലും, 2008 ലെ കേരള ലോട്ടറീസ് & സെല്ലേഴ്സ് വെൽഫെയർ ഫണ്ട് ക്ഷേമനിധി പദ്ധതി പ്രകാരം വാർഷിക വിറ്റുവരവിൻെറ 1% ഏജൻറുമാരുടേയും വിൽപ്പനക്കാരുടെയും ക്ഷേമപദ്ധതികൾ വിപുലീകരിക്കാൻ വിനിയോഗിക്കേണ്ടതിനാലും ഈ ശീർഷകത്തിൽ 69 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-94-34 -3 - സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്-മറ്റു ചെലവുകൾ-മറ്റിനം
ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 11 ലക്ഷം രൂപ

43) ഭാഗ്യക്കുറി വകുപ്പിൻെറ പൊതുവായ നവീകരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-94-99 - വിവര സാങ്കേതിക വിദ്യ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 1 ലക്ഷം രൂപ

44) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ഇ-ഓഫീസ്, ഇ-ട്രഷറി സംവിധാനം നടപ്പിലാക്കുന്നതിനും, പുതിയ സോഫ്റ്റ് വെയർ, ഹാർഡ് വെയർ, സെർവർ എന്നിവ ലഭ്യമാക്കുന്നതിനും, വകുപ്പിലെ ഐ.ടി. സംബന്ധമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ആധുനികവൽക്കരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-93-05 - ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾ - ഓഫീസ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 22.10 ലക്ഷം രൂപ

45) വൈദ്യുതി ചെലവ്, ടെലിഫോൺ ചെലവ് എന്നിവ വഹിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-93-06 - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 4.5 ലക്ഷം രൂപ

46) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിലെ വാടക ഇനത്തിൽ വരുന്ന ചെലവ് വഹിക്കുന്നതിന് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമേ 7 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2075-00-103-93-21-2 - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 28000 രൂപ

47) മൂന്ന് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 75,000/- രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075-00-103-93-45 - പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം : പദ്ധതിയേതരം - 65000/- രൂപ

48) ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധനച്ചെലവുകൾ വഹിക്കുന്നതിന് ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075 -00-795-94- <u>ക്ലാസ് IV ജീവനക്കാർക്ക് പെൺമക്കളുടെ വിവാഹത്തിന് നൽകുന്ന വായ്പ എഴുതിത്തള്ളൽ</u>

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം - 1000 രൂപ

49) വിവാഹ വായ്പ എഴുതിത്തള്ളുന്നത് സംബന്ധിച്ച് പുതിയ അപേക്ഷകൾ ലഭ്യമായ സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 2 <u>ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2075 -00-795-93- <u>ചികിത്സയ്ക്കു നൽകുന്ന പലിശരഹിത വായ്പ എഴുതിത്തള്ളൽ</u>

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം- 1000 രൂപ

50) മുൻ വർഷങ്ങളിലെ ചെലവുകൾ പരിശോധിച്ചതിൽ നിന്നും ഈ ഇനത്തിൽ 10 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 10 <u>ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2075 -00-800-98-<u>രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി</u>
ബഡ്ജറ്റ് വിഹിതം: പദ്ധതിയിനം- ഇല്ല
പദ്ധതിയേതരം- 206.04 ലക്ഷം രൂപ

51) അക്കാദമിക്ക് സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കുക, വിമാന എഞ്ചിൻ മാറ്റുക, സിംഗിൾ എഞ്ചിൻ വിമാനം വാങ്ങുക, സീപ്ലെയിൻ വാങ്ങുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ചിരിക്കുന്ന വിഹിതം അപര്യാപ്തമായതിനാൽ <u>1577.81 ലക്ഷം രൂപ പദ്ധതിയിനത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2075 -00-800-81-<u>കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അംശദാനം</u>

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം- 101.18 ലക്ഷം രൂപ

52) നിലവിലുള്ള ഹജ്ജ് ഹൗസിനോടനുബന്ധിച്ച് അഡീഷണൽ ബ്ലോക്കിന്റെ പണിപൂർത്തിയാക്കുന്നതിനാവശ്യമായ തുക ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2075 -00-800-54-സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നതു സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവെയ്ക്കൽ മൊത്ത തുക

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം - 5000 ലക്ഷം രൂപ

53) 2016-17 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാലും കോടതി കേസുകൾക്കുള്ള ചെലവ് ഈ വർഷം കൂടാൻ സാധ്യതയുള്ളതിനാലും കാലതാമസത്തിന് 15% പലിശ സർക്കാർ വഹിക്കേണ്ടതിനാലും ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ധനാഭ്യർത്ഥന നമ്പർ XLIII-നഷ്ടപരിഹാരവും അവകാശക്കൈമാറ്റങ്ങളും**

വോട്ട് ചെയ്തത് : 737906.67 ലക്ഷം രൂപ
ചാർജ്ജ് ചെയ്തത് : ഇല്ല

3604 -00-200-88- പൊതു ആവശ്യത്തിന് പരമ്പരാഗത ചുമതലകൾക്കുള്ള ഫണ്ട്- അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ.

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം - 123313.75 ലക്ഷം രൂപ

54) പ്രാദേശിക സർക്കാരുകൾക്ക് അർഹതപ്പെട്ട ഫണ്ടുകളെന്ന നിലയിൽ ചെലവഴിക്കാൻ കഴിയാത്ത പണം സ്പിൽ ഓവർ പദ്ധതികൾ വഴി നടപ്പിലാക്കുന്നതിനു വേണ്ടി ഈ ശീർഷകത്തിൽ 5654.07 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLV-പലവക വായ്പകളും മുൻകൂറുകളും

വോട്ട് ചെയ്തത് : 22166.64 ലക്ഷം രൂപ
ചാർജ്ജ് ചെയ്തത്: ഇല്ല

7610-00-201-99- ഭവന നിർമ്മാണ വായ്പകൾ- അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥൻമാർ

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം : 20 ലക്ഷം രൂപ

55) ഏഴാം കേന്ദ്ര ശമ്പള കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് വായ്പാതുക 25 ലക്ഷമായി വർദ്ധിപ്പിച്ചതിനാൽ പുതിയ അപേക്ഷകൾ ലഭ്യമാകാൻ സാദ്ധ്യതയുണ്ട്. ആയതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7610-00-201-98- ഭവന നിർമ്മാണ വായ്പകൾ- സംസ്ഥാന സർവ്വീസ് ഉദ്യോഗസ്ഥൻമാർ

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം - 21,000 ലക്ഷം രൂപ

56) 2016-17 സാമ്പത്തിക വർഷത്തിൽ മൂവായിരത്തോളം ഭവന നിർമ്മാണ വായ്പാ അപേക്ഷകൾ ലഭ്യമായിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 219 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്തത് : 444416.74 ലക്ഷം രൂപ
ചാർജ്ജ് ചെയ്തത് : ഇല്ല

2235-60-110-99-06- സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്- വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം : 36.50 ലക്ഷം രൂപ

57) ഹൗസിംഗ് ബോർഡിൽ ആസ്ഥാന കാര്യാലയം പ്രവർത്തിച്ചിരുന്നപ്പോഴുള്ള വാടക കുടിശ്ശിക നൽകിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ <u>30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2235-60-110-99-21 (1)- <u>മോട്ടോർ വാഹനങ്ങൾ- വാഹനം വാങ്ങൽ</u>

ബഡ്ജറ്റ് വിഹിതം: ഇല്ല.

58) 14 ജില്ലാ ഓഫീസുകളിലേയ്ക്കും ഓരോ വാഹനം ലഭ്യമാക്കേണ്ടതുള്ളതിനാൽ ഈ ശീർഷകത്തിൽ <u>70 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2235-60-110-98-01 (4)- <u>ജില്ലാ ഓഫീസുകൾ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം- 2 ലക്ഷം രൂപ

59) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ജില്ലാ ഓഫീസുകളിലെ മെഡിക്കൽ റീഇംബേഴ്സ്മെന്റിന് വകയിരുത്തിയിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ <u>50000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2235-60-110-98-05 (4)- <u>ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ.</u>

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം- 4.5 ലക്ഷം രൂപ

60) വാണിജ്യ സ്വഭാവമുള്ള വകുപ്പായതിനാൽ സ്റ്റേഷനറി സാധനങ്ങൾക്ക് വില ഈടാക്കുന്നതിന് ഈ ശീർഷകത്തിൽ <u>1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2235-60-110-97-<u>സംസ്ഥാന ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റ്- കമ്പ്യൂട്ടർവൽക്കരണം</u>

ബഡ്ജറ്റ് വിഹിതം: പദ്ധതിയേതരം: 20 ലക്ഷം രൂപ

61) കമ്പ്യൂട്ടർവൽക്കരണത്തിനായി ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ <u>80 ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

തിരുവനന്തപുരം
2016 ആഗസ്റ്റ് 22.

ഡോ. ടി. എം. തോമസ് ഐസക്,
ചെയർമാൻ,
സബ്ജക്ട് കമ്മിറ്റി VIII.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.